# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
## കൊല്ലം

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി – സർവകലാശാലയുടെ പരീക്ഷ എഴുതുന്ന ടൈപ്പ് വൺ പ്രമേഹ ബാധിതരായ പഠിതാക്കൾക്ക് പരീക്ഷാ സമയത്ത് 20 മിനിറ്റ് അധിക സമയം നൽകി ഉത്തരവാകുന്നു .

---

**എക്സാമിനേഷൻ A11 വിഭാഗം**

യു.ഒ .നം . 1469/EX:A11/1/2024/SOU തീയതി : 07/11/2024

---

പരാമർശം :

(1) 03/04/23 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നമ്പർ കെ1/82/2023/എച് ഇ ഡി എൻ കത്ത് പ്രകാരം ലഭിച്ച ശ്രീമതി ബുഷ്റ ഷിഹാബ് ന്റെ അപേക്ഷ.
(2) 29/04/2023 തീയതിയിലെ മുപ്പത്തി മൂന്നാമത്തെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നമ്പർ 33.15/2023.
(3) 25/10/2024 തീയതിയിലെ ബഹു. വൈസ് ചാൻസലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടൈപ്പ് വൺ പ്രമേഹ ബാധിതരായ പഠിതാക്കൾക്ക് പരീക്ഷാ സമയത്ത് അധിക സമയം അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി ബുഷ്റ ഷിഹാബ് സമർപ്പിച്ച അപേക്ഷ പരാമർശം (1)പ്രകാരം സർവകലാശാലയുടെ റിപ്പോർട്ടിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കത്ത് നൽകിയിരുന്നു.ഇത് പരിഗണിച്ച് ടൈപ്പ് വൺ പ്രമേഹ ബാധിതരായ പഠിതാക്കൾക്ക് സെമസ്റ്റർ പരീക്ഷകളിൽ ആകെ 20 മിനിറ്റ് അധിക സമയം ഗവണ്മെന്റ് ഡോക്ടർമാർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടായിരുന്നു .ടി തീരുമാനം സർവകലാശാല പരീക്ഷകളിൽ നടപ്പിലാക്കി ബഹു. വൈസ് ചാൻസലർ പരാമർശം(3) പ്രകാരം ഉത്തരവായിട്ടുണ്ട്..

ടി ആനുകൂല്യത്തിനായി പഠിതാക്കൾ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരീക്ഷാ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി പരീക്ഷാ കൺട്രോളർക്ക് പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ് .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ . ഗ്രേഷ്യസ് ജെ
പരീക്ഷാ കൺട്രോളർ

പകർപ്പ്

Principal Secretary H Edn (with C/L)
PS TO VC/PVC
PA to Registrar
All Directors, Regional Centres
All Coordinators LSCs,
CS Exam Centre
FO/CC/CIQA/ PRO
IT/Syndicate/Academic Section CS
File copy/Stock file

ഫയൽ നം: Ex.1/1/32/SOU/2022